(ബി) കേന്ദ്ര സഹായത്തോടെ നടപ്പിലാക്കുന്ന ഈ പദ്ധതികൾ ഏതൊക്കെ തുറമുഖങ്ങളുടെ വികസനത്തിനായാണ് ഇപ്പോൾ നടപ്പാക്കി കൊണ്ടിരിക്കുന്നതെന്ന് വിശദമാക്കാമോ ;

(സി) ഇവയോരോന്നിന്റെയും അടങ്കൽ തുക എത്രയാണ് ;

(ഡി) എന്നാണ് ഈ പ്രവർത്തികൾ ആരംഭിച്ചത് ;

(ഇ) ഇവയോരോന്നും എപ്പോൾ പൂർത്തീകരിക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളത് എന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്തെ തുറമുഖങ്ങളുടെ വികസനത്തിനായി പഠനങ്ങൾ നടത്തുന്നതിനും രൂപരേഖ തയ്യാറാക്കുന്നതിനും വേണ്ടി ചെലവാകുന്ന തുകയുടെ അൻപതു ശതമാനം ഗ്രാന്റായി നല്കുന്ന കേന്ദ്ര സർക്കാരിന്റെ ഒരു പദ്ധതിയെ ഇപ്പോൾ നിലവിലുള്ളൂ. അല്ലാതെ തുറമുഖ വികസനത്തിനും നിർമ്മാണത്തിനുമായി കേന്ദ്രാവിഷ്കൃത പദ്ധതികളൊന്നും ഇപ്പോൾ നിലവിലില്ല.

(ബി) അഴീക്കൽ തുറമുഖത്തിന്റെ വികസനത്തിനുവേണ്ട പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിന് ഈ പദ്ധതി പ്രകാരം കേന്ദ്രസഹായം ലഭിച്ചിട്ടുണ്ട്.

(സി) പ്രോജക്ട് റിപ്പോർട്ടുകൾ പൂർത്തിയാകാത്തതിനാൽ വിവരം ലഭ്യമല്ല.

(ഡി) പ്രവർത്തനം ആരംഭിച്ചിട്ടില്ല.

(ഇ) പ്രസക്തമല്ല.

ചെറുകിട തുറമുഖങ്ങളുടെ വികസനം സംബന്ധിച്ച പ്രോജക്ട് റിപ്പോർട്ട്

119 (T 4278) പ്രൊഫ. എ. ഡി. മുസ്തഫ :
ശ്രീമതി മേഴ്സിരവി :
ശ്രീമതി മാലേത്ത് സരളാദേവി :
ശ്രീ. എൻ. ശക്തൻ :
ശ്രീ. വി. ജെ. പൗലോസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചെറുകിട തുറമുഖങ്ങളുടെ വികസനം സംബന്ധിച്ച് പൂർത്തിയായ പ്രോജക്ട് റിപ്പോർട്ട് അനുസരിച്ച് അവ നടപ്പാക്കുന്നതിനുള്ള ചെലവ് എത്രവീതമാണ് ;

(ബി) ഇവയോരോന്നും എത്ര ഘട്ടങ്ങളായി എത്ര വർഷംകൊണ്ട് പൂർത്തിയാക്കണമെന്നാണ് പ്രോജക്ട് റിപ്പോർട്ട് വിഭാവന ചെയ്യുന്നത് ;

(സി) ഈ പദ്ധതികൾ ബി. ഒ. ടി. അടിസ്ഥാനത്തിലാണോ നടപ്പാക്കാനുദ്ദേശിക്കുന്നത് ;

(ഡി) ഈ ഓരോ പദ്ധതിയിലും ആരെല്ലാം താത്പര്യം പ്രകടിപ്പിച്ചിട്ടുണ്ട് ?

T മാറ്റിവയ്ക്കപ്പെട്ട ചോദ്യത്തെ സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY·ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ചെറുകിട തുറമുഖങ്ങളുടെ വികസനം സംബന്ധിച്ച പ്രോജക്ട് റിപ്പോർട്ടുകൾ പൂർത്തിയായിട്ടില്ല.

(ബി) പ്രോജക്ട് റിപ്പോർട്ടുകൾ ലഭിച്ചാലെ പറയുവാൻ കഴിയുള്ളു.

(സി) തീരുമാനിച്ചിട്ടില്ല.

(ഡി) അഴീക്കൽ തുറമുഖത്തിന്റെ വികസനത്തിന് യൂനിവേഴ്സൽ കോയെൻകോ ഗ്രൂപ്പും പുഞ്ചല്ലോയ്ട് എന്ന കമ്പനിയും ബേപ്പൂർ തുറമുഖ വികസനത്തിനായി കോഴിക്കോട് ആസ്ഥാനമായ പാരിസൺസ് ഗ്രൂപ്പും താത്പര്യം പ്രകടിപ്പിച്ചിട്ടുണ്ട്.

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു)

II ശ്രദ്ധക്ഷണിക്കൽ

(1) കയർ സഹകരണസംഘങ്ങളുടെ പുനരുദ്ധാരണം

ശ്രീ. ടി. കെ. ദേവകുമാർ : സർ, ഞാൻ കയർ മേഖലയിലെ സഹകരണ പ്രസ്ഥാനത്തിന്റെ ഇന്നത്തെ സ്ഥിതി സ യുടെ ശ്രദ്ധയിൽ കൊണ്ടുവരാനാണ് ആഗ്രഹിക്കുന്നത്. കഴിഞ്ഞ മാർച്ചുമാസം ആറാം തീയതി വകുപ്പുമന്ത്രിയും തൊഴിൽ വകുപ്പുമന്ത്രിയുംകൂടി പങ്കെടുത്തു കൊണ്ട് നടന്ന ഹൈലെവൽ കോൺഫറൻസിന്റെ തീരുമാനങ്ങൾ പ്രാവർത്തികമാക്കുന്നതിൽ ഗവൺമെന്റ് മതിയായ ഗൗരവം കാണിക്കുന്നില്ല എന്നതാണ് അനു വത്തിൽ ബോധ്യപ്പെട്ടിട്ടുള്ളത്. അന്ന് സഹകരണ സംഘത്തിന്റെ പുനരുദ്ധാരണത്തെ സംബന്ധിച്ച് ഒരു പ്രത്യേക സ്ക്കീം, ഓരോ സംഘത്തിന്റേയും ആവശ്യങ്ങൾ എന്താണെന്ന് പരിശോധിച്ചിട്ട് പുനരുദ്ധാരണ സ്ക്കീം തയ്യാറാക്കാം എന്നായിരുന്നു അന്ന് അവിടെ നൽകിയിരുന്ന ഒരു ഉറപ്പ്. വിവിധ സാമ്പത്തിക ഏജൻസികൾവഴി പണം കണ്ടെത്തിയിട്ട്. സംഘങ്ങളുടെ പുനരുദ്ധാരണം ഉറപ്പുവരുത്താമെന്നായിരുന്നു അന്ന് ആ കോൺഫറൻസിൽ ഉറപ്പുണ്ടായത്. എന്നാൽ നിലവിലിരുന്ന പുനരുദ്ധാരണ പദ്ധതി സാമ്പത്തിക ബുദ്ധിമുട്ടുകൊണ്ട് തുടരാൻ കഴിഞ്ഞതുമില്ല ; പുതിയ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സംഘങ്ങളുടെ പുനരുദ്ധാരണത്തിനുള്ള പരിശ്രമം ആരംഭിക്കുവാൻ ഇതുവരെ കയർ വികസന ഡയറക്ടറേറ്റിൽനിന്നും പരിശ്രമങ്ങൾ ഉണ്ടായിട്ടുമില്ല എന്നത് ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽ കൊണ്ടുവരാൻ ആഗ്രഹിക്കുകയാണ്. എന്നു മാത്രമല്ല, ബഹുമാനപ്പെട്ട മന്ത്രി, സഹകരണസംഘങ്ങളുടെ വ്യവസായ നഷ്ടങ്ങൾ തിട്ടപ്പെടുത്തി ആ വ്യവസായ നഷ്ടം ഭരണസമിതി അംഗങ്ങളുടെ പക്കൽനിന്നും ഈടാക്കുന്നതിനുള്ള നോട്ടീസ് ഇന്ന് പ്രോജക്ട് ഓഫീസുകളിൽനിന്ന് പോയിക്കൊണ്ടിരിക്കുകയാണ്. സഹകരണ സംഘങ്ങൾക്കുണ്ടാകുന്ന വ്യാവസായിക നഷ്ടം ഭരണസമിതി

9.30 A.M.]